# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1976

## 08.03.2018 ലെ മറുപടിക്ക്

### <u>മാവേലിക്കര നൂറനാട് സബ്ട്രഷറി</u>

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | മാവേലിക്കര മണ്ഡലത്തിലെ നൂറനാട് സബ്ട്രഷറിക്ക് എം.എൽ.എയുടെ മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിടത്തിൽ ട്രഷറി ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | നൂറനാട് സബ് ട്രഷറിക്ക് വേണ്ടി പണിത പുതിയ കെട്ടിടത്തിലെ സ്ട്രോംഗ് റൂമിൽ സ്ഥാപിക്കുന്നതിന് വേണ്ടി പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട പ്രകാരം സ്ട്രോംഗ് റൂം ഡോർ ട്രഷറി വകുപ്പ് വാങ്ങി നൽകിയിട്ടുണ്ട്. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. പ്രസ്തുത എസ്റ്റിമേറ്റിൽ കാണിച്ചിട്ടില്ലാത്തതും എന്നാൽ ട്രഷറിയുടെ പ്രവർത്തനത്തിന് ആവശ്യമുള്ളതുമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഫണ്ട് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | ട്രഷറി ഓഫീസിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | ട്രഷറിയ്ക്ക് വേണ്ടി പണിത പുതിയ കെട്ടിടത്തിൽ കൗണ്ടറുകൾ, ക്യാബിനുകൾ, കസ്റ്റമർ ലോഞ്ച് നെറ്റ് വർക്ക് കേബിളിംഗ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന മുറയ്ക്ക് ട്രഷറിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതാണ്. |

സെക്ഷൻ ഓഫീസർ